# അധീശവർഗ്ഗ പൊതുബോധവും സ്ത്രീസ്വത്വ നിർമ്മിതിയും; ഉണ്ണികൃഷ്ണൻ പുതൂരിന്റെ 'അമൃതമഥനം' ഒരു സാംസ്കാരിക വായന

**സഞ്ജന പി.എസ്**

**പ്രബന്ധസംഗ്രഹം**

കേരളത്തിൽ നിലനിന്നിരുന്ന ജാതിപരവും വർഗ്ഗപരവുമായ പല അസമത്വങ്ങൾക്കും വിരാമമിടാൻ നവോത്ഥാന സമരങ്ങൾക്ക് കഴിഞ്ഞു എന്ന് അവകാശപ്പെടുമ്പോഴും പൂർണ്ണമായും അത് സാധ്യമായോ എന്നത് ചിന്തനീയമാണ് .സമകാലിക കേരളം സാക്ഷ്യം വഹിക്കുന്ന പല സംഭവങ്ങളും വ്യക്തമാക്കുന്നത് കേരളീയ ജനത പഴയകാലത്തേക്കുള്ള ഒരു മടക്കയാത്രയിലാണ് എന്നാണ് .ഇത് സമൂഹത്തിന് വളരെയേറെ ദോഷകരമാണ് എന്നതിൽ സംശയമില്ല .അജ്ഞരായ ജനതയ്ക്കുമേൽ ആദ്യകാലത്ത് അധീശവർഗ്ഗം എങ്ങനെയാണോ അവരുടെ ധാരണകളെ അടിച്ചേൽപ്പിച്ചിരുന്നത് അതിനു സമാന രീതിയിൽ ഇന്നും സമൂഹത്തിനുമേൽ ചില പൊതുബോധങ്ങൾ പ്രവർത്തിച്ചുവരുന്നു .ഇത്തരത്തിലുള്ള ചില പൊതുബോധങ്ങൾ ആണ് ഈ കാലഘട്ടത്തിലും സ്ത്രീയ്ക്ക് പരിധികളും പരിമിതികളും നിശ്ചയിക്കുന്നത്. ചരിത്രത്തിലേതുപോലെ ഇന്നും പുതിയ രീതിയിൽ സമൂഹത്തിനു മേൽ ഇത് പ്രവർത്തിക്കുന്നു.ഉണ്ണികൃഷ്ണൻ പുതൂർ 1981ൽ രചിച്ച അമൃതമഥനം എന്ന നോവലാണ് ഇവിടെ പഠന വിധേയമാക്കുന്നത്.

**താക്കോൽ വാക്കുകൾ:**

അധീശത്വം, വർഗ്ഗം, പാരമ്പര്യം ,സ്വത്വം

സ്ത്രീപക്ഷവാദങ്ങൾ ഇത്രമാത്രം സജീവമല്ലാത്ത ഒരു കാലഘട്ടത്തിൽ രചിച്ച നോവൽ എന്ന നിലയിൽ വിലയിരുത്തുമ്പോൾ അമൃതമഥനം പ്രസക്തമാകുന്നു.ജാതിയുടെ ഏത് ശ്രേണീ ഘടനയിൽ ഉൾപ്പെട്ടാലും സ്ത്രീയോടുള്ള കാഴ്ചപ്പാടുകൾക്ക് യാതൊരു മാറ്റവും സംഭവിക്കുന്നില്ല എന്ന് നോവൽ വ്യക്തമാക്കുന്നു .കുറിയേടത്ത് താത്രിയുടെ ജീവിതത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ള നോവൽ എന്ന രീതിയിലുള്ള വായനകളാണ് 'അമൃതമഥന'ത്തിന് ഉണ്ടായിട്ടുള്ളത് .എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി അധീശവർഗ്ഗ പൊതുബോധം എങ്ങനെയാണ് സ്ത്രീസ്വത്വത്തെ നിർമ്മിച്ചെടുക്കുന്നത് എന്നതിന്റെ സാംസ്കാരിക വായനയാണ് ഈ പ്രബന്ധം.

ഒരു വ്യക്തിക്കോ സമൂഹത്തിനോ മേൽ സ്ഥാപിച്ചെടുക്കുന്ന മേൽക്കോയ്മ എന്ന് 'അധീശത്വം' എന്ന പദത്തെ നിർവചിക്കാം. മറ്റാർക്കും ചോദ്യം ചെയ്യാനാകാത്ത വിധം ഒരു വിഭാഗം പ്രബല ശക്തിയായിത്തീരുകയും അവരുടെ തീരുമാനങ്ങളെ യാതൊരു എതിർപ്പുകളും കൂടാതെ ബോധപൂർവം മറ്റൊരു വിഭാഗം അനുസരിക്കുകയും ചെയ്യുന്നു. ഇവിടെ നിർബന്ധപൂർവമുള്ള ഒരു ബലപ്രയോഗം ദൃശ്യമല്ല. മറിച്ച് വ്യക്തി സ്വമേധയാ അനുസരിക്കുന്നവനായി മാറുന്നു.ഇറ്റാലിയൻ മാർക്സിസ്റ്റ് ചിന്തകനായ അന്റോണിയോ ഗ്രാംഷിയുടെ സൈദ്ധാന്തിക പരികൽപനകളിൽ ശ്രദ്ധേയമാണ് അധീശത്വം( Hegemony ). പൗരസമൂഹത്തിന്റേയും ഭരണകൂടത്തിന്റേയും സമ്മതിയുടേയും ബലപ്രയോഗത്തിന്റെയും വൈരുദ്ധ്യാധിഷ്ഠിത ബന്ധത്തിൽ നിന്നുരുത്തിരിയുന്നതാണ് അധീശത്വമെന്നാണ് ഗ്രാംഷിയുടെ വീക്ഷണം. സാമൂഹികവർഗ്ഗത്തിനുള്ളിൽ തന്നെയുള്ള വിവിധ വിഭാഗങ്ങൾക്കിടയിലുള്ള ബന്ധത്തിലുണ്ടാകുന്ന അധീശത്വം , വർഗങ്ങൾ തമ്മിലുള്ള ബന്ധത്തിലുള്ള അധീശത്വം എന്നീ രണ്ടു വിധത്തിൽ അധീശത്വ രൂപങ്ങൾ ഉയർന്നു വരുന്നതായി ഗ്രാംഷി സൂചിപ്പിക്കുന്നു. ഈ രണ്ട് രൂപത്തിലും സ്ത്രീക്കുമേൽ അധീശത്വം പ്രവർത്തിക്കുന്നു.

കാലമെത്ര കഴിഞ്ഞാലും മാറ്റാൻ സാധിക്കാത്ത , സമൂഹത്തിന് മേൽ വിലക്കേർപ്പെടുത്തുന്ന ചില പൊതുബോധങ്ങൾ ഉണ്ട് . കുടുംബം, പാരമ്പര്യം, ജാതി, മതം , ആചാരങ്ങൾ എന്നിവ ഇത്തരം പൊതുബോധ നിർമ്മിതികളിൽ പ്രധാനമാണ്. ഇവ സ്ത്രീക്കു മേൽ എപ്പോഴും അധികാരം പ്രവർത്തിക്കുകയും സ്ത്രീയെ അവളുടെ സ്വത്വപൂർത്തീകരണത്തിൽ വിലക്കുകളേർപ്പെടുത്തുകയും ചെയ്യും.

**സ്ത്രീസ്വത്വ നിർമ്മിതി**

'സ്വ' എന്ന സംസ്കൃത ധാതുവിൽ നിന്നാണ് 'സ്വത്വം 'എന്ന പദത്തിൻ്റെ നിഷ്പത്തി. തന്നെ സംബന്ധിച്ച ,തനിക്കുള്ള എന്നീ അർത്ഥങ്ങളാണ് 'സ്വ ' എന്ന ധാതുവിന് കല്പിച്ചിട്ടുള്ളത് ( ശങ്കരൻ നമ്പൂതിരിപ്പാട്. 1996:320 ) ആത്മവത്ത എന്നർത്ഥമുള്ള 'സ്വ' ധാതുവിനോട് ' ത്വ 'എന്ന തദ്ധിതപ്രത്യയം ചേർന്നാണ് സ്വത്വ പദം നിഷ്പന്നമാകുന്നത് . Identity എന്ന ഇംഗ്ലീഷ് പദമാണ് ഇതിന് തുല്യമായി ഉപയോഗിക്കുന്നത്. ഓരോ വ്യക്തിയും ജീവിക്കുന്ന സാമൂഹിക ഘടനയും സാംസ്കാരികാന്തരീക്ഷവുമായി ബന്ധപ്പെട്ട വികസിക്കുന്ന പരിണാമ സ്വഭാവം സ്വത്വത്തിനുണ്ട് . " ഒരു വ്യക്തി സ്ത്രീയായി ജനിക്കുകയല്ല സ്ത്രീയായിത്തീരുകയാണ് ' സിമോൺ ദ ബുവ്വയുടെ ഈ പ്രസ്താവന ശ്രദ്ധേയമാണ്. സ്ത്രീ സ്വത്വത്തെ നിർണയിക്കുന്നതിലും അവളെ നിർവചിക്കുന്നതിലും നിർണായകമായ ഘടകങ്ങളെ ഇത് വ്യക്തമാക്കുന്നു . കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും സ്ത്രീക്കു നേരെ ഉണ്ടാകുന്ന പല തരത്തിലുള്ള അധികാരപ്രയോഗങ്ങൾ സ്ത്രീകളെ അവരുടെ സ്വത്വം തന്നെ നഷ്ടമാകുന്ന അവസ്ഥയിലേക്ക് എത്തിക്കുന്നു.

**കുടുംബം എന്ന അധികാര രൂപം**

കുടുംബം എന്ന അധികാര രൂപത്തിനുള്ളിൽ അധീശവർഗ്ഗം പുരുഷനാണ്.പിതാവ്, ഭർത്താവ് , മകൻ എന്നീ പല രൂപങ്ങളിലൂടെ ഈ വർഗ്ഗങ്ങൾ സ്ത്രീക്കു മേൽ അധീശത്വം

സ്ഥാപിക്കുന്നു. പലപ്പോഴും കുടുംബത്തിനകത്ത് പുരുഷനാണ് പരമാധികാരി എന്ന ഒരു പൊതുബോധം സമൂഹം വച്ചു പുലർത്തുന്നു . ഈ പൊതുബോധം ഇന്നും ഓരോരുത്തരിലും നിലനിൽക്കുന്നത് കൊണ്ടാണ് സ്ത്രീപക്ഷ ചിന്തകൾക്കുപോലും വികാസം കൈവരാത്തത് . വൈദികകാലഘട്ടം പിന്തുടർന്നിരുന്ന സമൂഹഘടനയ്ക്ക് നിയമപരമായ പ്രാമാണ്യം കൽപ്പിക്കുന്നത് മനുസ്മൃതിയാണ്. ഇതിനെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് സ്ത്രീയെ അബലയായും ചപലയായും വ്യാഖ്യാനിച്ചു വരുന്നു. അമൃതമഥനം നോവലിൽ ഇട്ടിച്ചിരിയുടെ ആങ്ങള വാസുദേവൻ്റെ ചിന്തകൾ ഇതിന് ഉദാഹരണമാണ് ."സ്ത്രീകൾ തനിച്ചുള്ള

വീട്ടിൽ പുരുഷൻ ഒറ്റയ്ക്കു താമസിക്കുന്നതു ശരിയല്ല. അമ്മയായാലും പെങ്ങളായാലും ചെറുപ്പക്കാരികളാണെങ്കിൽ സൂക്ഷിക്കണം" ( ഉണ്ണികൃഷ്ണൻ പുതൂർ . 1987: 13 ) നിധീരിക്കൽ ഓത്തൻ്റെ ഈ ഉപദേശം സാക്ഷാൽ വേദവ്യാസൻ പറഞ്ഞതാണെന്ന് അദ്ദേഹം പറയുന്നു.ഈയൊരു പ്രസ്താവന വളരെ ശ്രദ്ധേയമാണ്. യാഥാസ്ഥിതികമായ എല്ലാ മനോഭാവങ്ങളോടും എതിർപ്പുവെച്ചുപുലർത്തുന്ന ഒരുൽപതിഷ്ണുവായിട്ടാണ് വാസുദേവൻ എന്ന കഥാപാത്രത്തെ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ സ്ത്രീകളോടുള്ള സമീപനത്തിൽ മാത്രം അയാൾ യാഥാസ്ഥിതികനാകുന്നു.സമൂഹത്തിൽ നിലനിൽക്കുന്ന ദുഷിച്ച ചില പൊതുബോധങ്ങളെ സൃഷ്ടിച്ചെടുക്കുന്നത് പലപ്പോഴും പുരാണങ്ങളിലും ഉപനിഷത്തുക്കളിലും പറഞ്ഞുവെച്ച കാര്യങ്ങളെ കൂട്ടുപിടിച്ചു കൊണ്ടാണ് .പണ്ടെങ്ങോ പറഞ്ഞ കാര്യങ്ങളാണ് അല്ലെങ്കിൽ പണ്ട് അങ്ങനെയായിരുന്നു എന്നു പറഞ്ഞു കൊണ്ടാണ് ഇന്ന് പല കാര്യങ്ങളിലും നീതീകരണം തേടുന്നത്.

കുട്ടികളിൽ ആൺ, പെൺ ബോധത്തെ വളർത്തിയെടുക്കുന്നതിൽ സമൂഹത്തിനും കുടുംബത്തിനും തുല്യപങ്കാണ് ഉള്ളത് . ഇത് ആദ്യം തുടങ്ങുന്നത്

കുടുംബത്തിനകത്തുനിന്നാണ്. .പെണ്ണായി പിറന്നാൽ എല്ലാം സഹിക്കാൻ തയ്യാറാകണം എന്ന ഒരു ബോധം പെൺകുട്ടികളിൽ വളർത്തിയെടുക്കാനും ചില സമൂഹിക നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും ആളുകൾ ശ്രമിക്കും. ഒരു സ്ത്രീയായി ജനിച്ചാൽത്തന്നെ കുറെ കരയേണ്ടിവരും. പിഴച്ച ജാതകക്കാരിയാണെങ്കിൽ എന്നുമെന്നും ദുർവ്വിധിയെ അഭിമുഖീകരിക്കേണ്ടിവരും. ഇത്തരത്തിൽ സ്ത്രീയെക്കുറിച്ച് സൃഷ്ടിച്ചെടുക്കുന്ന ചില പൊതുബോധങ്ങൾ ഉണ്ട്.അമൃതമഥനം നോവലിൽ കുഞ്ചുണ്ണൂലി വളർന്നു വരുമ്പോൾ അവളുടെ അമ്മ അവൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. സ്ത്രീ അവളുടെ സ്വത്വബോധം ഉൾക്കൊണ്ട് ഉയർന്നു വരുന്നത് അംഗീകരിക്കാൻ സമൂഹം ഒരിയ്ക്കലും തയ്യാറാകുന്നില്ല. കുടുംബത്തിനകത്തുനിന്നും സമൂഹത്തിനകത്തു നിന്നും അവൾക്ക് എതിർപ്പുകൾ നേരിടേണ്ടിവരും . ഇത്തരം സ്ത്രീകൾ വളർന്നു വരുന്നത് രാജ്യത്തിന് തന്നെ അപകടകരമാണെന്ന ഒരു ബോധമാണ് സമൂഹത്തിനുള്ളത്. പുരുഷസമൂഹം തന്നോടു ചെയ്ത നീതികേടിനെതിരെ പ്രതികരിക്കുന്ന കുഞ്ചുണ്ണൂലിക്കും ഇതേ അനുഭവമാണ് ഉണ്ടാകുന്നത്. "കുഞ്ചുണ്ണൂലിയെ രാജ്യരക്ഷയുടെയും ദേശരക്ഷയുടെയും പേരിൽ ശിക്ഷിക്കുക തന്നെ വേണം . ശിക്ഷിച്ചില്ലെങ്കിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടില്ലെങ്കിൽ, നാട്ടിലെ പെണ്ണുങ്ങൾ മുഴുവൻ ആണുങ്ങളുടെ മെക്കിട്ടു കയറും. ഒരു പുരുഷനും പിന്നെ രക്ഷയുണ്ടാവില്ല. ഭർത്താക്കന്മാർ ഭാര്യമാരുടെ അടിമകളായി ജീവിക്കേണ്ടി വരും. ഭാര്യ അടിയിലുടുത്ത മുണ്ടു തിരുമ്പാനായി ഭർത്താവിൻ്റെ മുഖത്തേക്കു വലിച്ചെറിയും" ( ഉണ്ണികൃഷ്ണൻ പുതൂർ . 1987: 565 ) നിലനിൽക്കുന്ന വ്യവസ്ഥിതികളോട് പൊരുതാൻ കുഞ്ചുണ്ണൂലി ശ്രമിക്കുമ്പോൾ അവളുടെ അമ്മ പോലും മകളുടെ മാറ്റത്തെ ഉൾക്കൊള്ളാൻ തയ്യാറാകുന്നില്ല." ഇവൾക്കെവിടെനിന്നു കിട്ടി ഇത്രയൊക്കെ പിൻതുണ? ഇങ്ങനെ പെണ്ണുങ്ങൾ വാതോരാതെ സംസാരിക്കാൻ പാടുണ്ടോ?" (ഉണ്ണികൃഷ്ണൻ പുതൂർ . 1987: 195 ) ഇത്തരം ചോദ്യങ്ങൾ നെറികേടിനെതിരെ പ്രതികരിക്കുന്ന ഏതൊരു സ്ത്രീക്കു നേരെയും

ഉന്നയിക്കുന്നതാണ്.ഇവിടെ ഒരു സ്ത്രീ തന്നെയാണ് ഈ ചോദ്യം ഉന്നയിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. കുഞ്ചുണ്ണൂലിയുടെ ദാസി ലക്ഷ്മിക്കുട്ടി അവളെ ഉപദേശിക്കുന്നത് "പെണ്ണായി പിറന്നാൽ എല്ലാം സഹിക്കാൻ തയ്യാറാകണം " എന്നാണ്. സ്ത്രീയെക്കുറിച്ച് പാരമ്പര്യമായി അടിച്ചേൽപ്പിക്കപ്പെട്ടിട്ടുള്ള ചില പൊതുബോധങ്ങളാണ് ഇത്തരം ചിന്താഗതികൾ രൂപപ്പെടുത്തുന്നത്.

**പാരമ്പര്യവും സ്ത്രീസ്വത്വ നിർമ്മിതിയും**

സ്ത്രീയുടെ സ്വത്വാവിഷ്കാരത്തിന് പലപ്പോഴും വിലങ്ങുതടികളായി മാറുന്നതിൽ പാരമ്പര്യം, ആചാരങ്ങൾ, കുലമഹിമ എന്നിവയ്ക്ക് വലിയ സ്ഥാനമുണ്ട്. പരമ്പരയായി കൈമാറി വരുന്ന മൂല്യബോധങ്ങളുടെയും ആചാരങ്ങളുടെയും പ്രതീകങ്ങളുടെയും സമന്വയമാണ് പാരമ്പര്യം . പാരമ്പര്യത്തിൽ ഒരു പ്രധാന ഘടകം ജാതിയാണ് . ഒരു വ്യക്തിയുടെ കാഴ്ചപ്പാടുകളും സ്വത്വബോധവും രൂപപ്പെടുത്തുന്നതിൽ ജാതി നിർണായക ഘടകമാണ് . ഓരോ ജാതിക്കുള്ളിലും പാരമ്പര്യമായി നിലനിർത്തിപ്പോരുന്ന ചില ആചാരങ്ങളും വിശ്വാസങ്ങളും ഉണ്ട്.പുരാണങ്ങളെയും ആധികാരികമായി കണക്കാക്കുന്ന പല പ്രമാണ ഗ്രന്ഥങ്ങളെയും അടിസ്ഥാനമാക്കിയാണ് പല ജാതിസമൂഹവും ഇത്തരം ആചാരങ്ങളെ നിലനിർത്തിപ്പോരുന്നത് . നമ്പൂതിരിസമുദായത്തിലെ ഓത്തന്റെ വിവാഹത്തെക്കുറിച്ചുള്ള സൂചനകൾ നോവലിൽ കാണാം. ഇത് പുരുഷാധികാര ഭാവം വ്യക്തമാക്കുന്നു. "ഓത്തന് വിവാഹം കഴിച്ചു കൂടാ എന്നെവിടേയും എഴുതി വെച്ചിട്ടില്ല. ഒന്നോ ഒന്നിലധികമോ വിവാഹങ്ങൾ ഒരേ സമയത്തു നടത്താം. ആദ്യ പത്നി ജീവിച്ചിരിക്കുമ്പോൾത്തന്നെ രണ്ടാമത്തെ പത്നിയെ വേൾക്കാനുള്ള അധികാരമുണ്ട് അവകാശമുണ്ട്. ഒരു ഭാര്യ, ഭാര്യയല്ലാതാകുന്ന നിമിഷത്തിൽ അവളെ ഉപേക്ഷിക്കാവുന്നതാണ്. മൂന്നു കാര്യങ്ങൾ വേണമെന്നു മാത്രം: ഒന്നുകിൽ അവൾ

വ്യഭിചാരിണിയാണെന്ന് കണ്ണു കൊണ്ടു ബോദ്ധ്യപ്പെടണം: രണ്ടാമത് അവൾക്ക് ഒരു കാലത്തും വിട്ടുമാറാത്ത പകർച്ചവ്യാധി പിടിപെടണം. അതുമല്ലെങ്കിൽ അവൾ ഭർത്തൃ ഹിതത്തിന് അനുഗുണമല്ലാത്തവിധം പ്രവർത്തിക്കുന്ന ഒരു ദുശ്ശാഠ്യക്കാരിയും എടുത്തു ചാട്ടക്കാരിയുമാകണം".(ഉണ്ണികൃഷ്ണൻ പുതൂർ .1987:77,78 ) ഇത്തരത്തിൽ ജാതീയമായി നിലനിന്നിരുന്ന പല ചിട്ടകളും സ്ത്രീവിരുദ്ധമായിരുന്നു എന്ന് മനസ്സിലാക്കാം.

സമൂഹത്തിൽ എല്ലാ പുരോഗമനങ്ങളും പറഞ്ഞു നടക്കുമ്പോഴും ആളുകൾക്ക് സ്ത്രീകളോടുള്ള മനോഭാവത്തിൽ മാത്രം പുരോഗമനം സാധ്യമാകുന്നില്ല. അവിടെ എപ്പോഴും അവർ പാരമ്പര്യത്തെയാണ് കൂട്ടുപിടിക്കുന്നത്. സ്ത്രീകളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾക്കും ഇന്നും വലിയ മാറ്റങ്ങൾ വന്നിട്ടില്ല. .അമൃതമഥനത്തിൽ ഉഴവഞ്ചേരി തമ്പ്രാക്കൾ സ്ത്രീകളെക്കറിച്ച് അഭിപ്രായപ്പെടുന്നത് ശ്രദ്ധേയമാണ്. സ്ത്രീകൾ അവരെത്ര വലിയവരോ ചെറിയവരോ ആയിക്കൊള്ളട്ടെ, അവർക്ക് അടക്കവും ഒതുക്കവും വേണം. സ്ത്രീയുടെ സൗന്ദര്യം അവളുടെ വിനയം കലർന്ന സ്വഭാവമാണ്. ചാരിത്ര്യമായിരിക്കണം അവളുടെ നിലനില്പിന്റെ മൂലധനം " ( ഉണ്ണികൃഷ്ണൻ പുതൂർ .1987 :419 ) സ്ത്രീകൾ എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് ആളുകൾ നിലനിർത്തിപ്പോരുന്ന ചില പാരമ്പര്യ സങ്കൽപ്പങ്ങൾ ഉണ്ട്. ഈ സങ്കൽപ്പങ്ങളിൽ നിന്നും മാറാൻ സമൂഹം തയ്യാറാകുന്നില്ല.

**ലൈംഗികതയും പൊതുബോധവും**

പുരാണങ്ങളിൽ സ്ത്രീയെ പ്രലോഭിപ്പിക്കുന്ന ഒരു വസ്തു ആയിട്ടാണ് പല സന്ദർഭങ്ങളിലും അവതരിപ്പിക്കുന്നത്. മാത്രമല്ല സ്ത്രീയെ വെറും ശരീരമായി മാത്രം അവതരിപ്പിക്കുകയും ചെയ്യുന്നു. ലൈംഗികാർഷണം ആണിനും പെണ്ണിനും പരസ്പരമുണ്ടാകുന്നതാണ്. എന്നാൽ പലപ്പോഴും സ്ത്രീവിരുദ്ധമായ നിലപാടുകളാണ് പൊതുവെ സമൂഹം കൈക്കൊള്ളുന്നത്.

പുരുഷനോടൊത്ത് ഒരു രാത്രി ശയിക്കേണ്ടവൾ ആയി മാത്രം സ്ത്രീയെ കണക്കാക്കുന്ന സവർണ്ണ കേന്ദ്രിതമായ അധികാര വ്യവസ്ഥ ഇവിടെ നിലനിന്നിരുന്നു. ഈ വ്യവസ്ഥിതിക്കുള്ളിലും ലൈംഗികതയിൽ ജാതി ഒരു പ്രശ്നമായിരുന്നില്ല. അയിത്തമോ തീണ്ടലോ അതിൽ മാത്രം ബാധകമായിരുന്നില്ല. അമൃതമഥനത്തിൽ വാസുദേവൻ നമ്പൂതിരി സ്ത്രീകളെക്കുറിച്ച് വച്ചുപുലർത്തുന്ന ചിന്തകൾ ശ്രദ്ധേയമാണ്.

" ആഢ്യനായ വാസുദേവനെ രമിക്കണമെന്നാഗ്രഹമുള്ള ഏതു സൗന്ദര്യധാമത്തിനും അത് ഇന്ന ജാതിയെന്നില്ല, എപ്പോൾ വേണമെങ്കിലും, ഏതു സമയത്തും , ആ പടിപ്പുരയുടെ കോണി ശബ്ദമുണ്ടാക്കാതെ കയറിപ്പോകാവുന്നതാണ് "( ഉണ്ണികൃഷ്ണൻ പുതൂർ.1987 : 20 ) പുരാണത്തിലെ ശ്രീകൃഷ്ണനായും ദേവേന്ദ്രനായും ആ സമയം അയാൾ മാറുന്നു. ഇത്തരത്തിൽ തങ്ങൾക്കു മാതൃകയായി മുന്നിലുള്ള പുരാണങ്ങളെ മറയാക്കിക്കൊണ്ടാണ് സമൂഹം സ്ത്രീയെ ചൂഷണം ചെയ്തിരുന്നത്.ഇവിടെ സ്ത്രീയോടൊത്ത് ശയിക്കുന്നതിൽമാത്രം പുരുഷന്റെ ആഢ്യത്വം പ്രശ്നമാകുന്നില്ല. കേവലം കളിപ്പാട്ടങ്ങളെപ്പോലെ എപ്പോൾ വേണമെങ്കിലും ഉപേക്ഷിക്കാൻ പറ്റുന്നവരായിരിക്കണം എന്നാണ് സ്ത്രീകളെക്കുറിച്ച് അയാൾക്കുള്ള കാഴ്ചപ്പാട്. സ്ത്രീകളെ ചൂഷണം ചെയ്യുന്നതിൽ ജാതിയോ മതമോ പ്രശ്നമാകുന്നില്ല.

**ലൈംഗിക സദാചാരം**

ലൈംഗിക സദാചാരത്തിന്റെ പേരിൽ എപ്പോഴും സമൂഹം കുറ്റപ്പെടുത്തുന്നത് സ്ത്രീകളെയാണ്. എന്നാൽ കേരളത്തിന്റെ സാമൂഹ്യ വ്യവസ്ഥയിൽ ലൈംഗികമായ സദാചാരങ്ങൾ നിലവിലുണ്ടായിരുന്നില്ല. പഴയതറവാട്ടു വ്യവസ്ഥയിൽ സ്ത്രീകൾക്ക് നിലനില്പിനു വേണ്ടി ഭർത്താക്കന്മാരെ ആശ്രയിക്കേണ്ട ഒരു സാഹചര്യം നിലനിന്നിരുന്നില്ല. ഒരു സ്ത്രീക്ക് ഒന്നിലധികം ഭർത്താക്കന്മാർ ഉണ്ടായിരുന്നു .പിന്നീട്

നിലവിൽ വന്ന കുടുംബം എന്ന വ്യവസ്ഥിതിയിൽ ആണ് സ്ത്രീകൾ ആശ്രിതകളായി മാറുന്നത്. അതോടെ ചാരിത്ര്യം, പാതിവ്രത്യം, മാതൃത്വം, വിധേയത്വം, ആദർശഭാര്യ തുടങ്ങിയ സങ്കൽപ്പങ്ങൾ സ്ത്രീകൾക്കുമേൽ ചാർത്തപ്പെടുകയും സദാചാര നിയമങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. 'അമൃതമഥന'ത്തിൽ സാധനത്തെതൊട്ടാലുള്ള അശുദ്ധിയെക്കുറിച്ച് സൂചിപ്പിക്കുന്നു." ഗൃഹസ്ഥനോ രാജപ്രതിനിധിയോ സ്മാർത്തനോ പുരോഹിതനോ വൈദികനോ തന്ത്രിയോ ആരായാലും വേണ്ടില്ല. സാധനത്തെ കുട്ടിത്തൊടാതെ സൂക്ഷിക്കണം. തൊട്ടാൽ തൊട്ടവൻ അശുദ്ധമായി. സാധനത്തോടു കൂടി കിടന്ന പാപം പേറാൻ പിന്നീടവർ തയ്യാറായിക്കൊള്ളണം. അതാണ മാമൂൽ. ആചാരം. " ( ഉണ്ണികൃഷ്ണൻ പുതൂർ .1987:571 ) വ്യഭിചാരത്തെക്കുറിച്ചുള്ള നിയമങ്ങൾ പുരുഷൻമാർ സൃഷ്ടിച്ചവയായതിനാൽ വ്യഭിചാരത്തിന്റെ അപരാധം സ്ത്രീകൾക്കു മേൽ മാത്രം ആരോപിക്കപ്പെടുന്നു. ഇത്തരം സദാചാര നിയമങ്ങൾ കൊണ്ടുവരുന്ന സമൂഹം ഒരു വിഭാഗത്തിൽ മാത്രം തെറ്റുകൾ ചുമത്തുന്നു. സാമൂഹിക പരിഷ്കരണത്തിന് ഇറങ്ങിപുറപ്പെടുന്ന കുഞ്ചുണ്ണൂലിയുടെ ശ്രമങ്ങളെക്കുറിച്ചുള്ള നിരീക്ഷണം ശ്രദ്ധേയമാണ്.

" വേശ്യാവൃത്തി സ്ഥിരമായി നടത്താൻ ശ്രമിക്കുന്ന ഒരു കൂട്ടം സ്ത്രീകളുടെ തള്ളിക്കയറ്റം എന്നുള്ളതിലും കവിഞ്ഞ പ്രാധാന്യം താൻ ഈ പടയണിക്കു കല്പിക്കുന്നില്ല . " ( ഉണ്ണികൃഷ്ണൻ പുതൂർ . 1987: 205 ) എന്നാണ് ചെങ്ങനാക്കോത കുഞ്ചുണ്ണി നമ്പൂതിരി വിലയിരുത്തുന്നത്. ഇന്നും ഇത്തരം ചിന്താഗതിയിൽ മാറ്റം വന്നിട്ടില്ല. വ്യഭിചാരം ചെയ്യുന്നവളെ വേശ്യ എന്ന് മുദ്രകുത്തുമ്പോഴും പുരുഷൻ ആ പ്രവർത്തിയിൽ ഏർപ്പെട്ടാൽ അയാളെ അത്തരത്തിൽ അഭിസംബോധന ചെയ്യുന്നില്ല.

കേരളത്തിൽ നിലനിന്നിരുന്ന സവർണ്ണ കേന്ദ്രിതമായ അധീശത്വ വ്യവസ്ഥിതിയുടെ നേർചിത്രമാണ് ഈ നോവൽ . സ്ത്രീക്കു നേരെ അധീശവർഗ്ഗം പുലർത്തി വരുന്ന ചില

പൊതുബോധങ്ങളെ നോവൽ അടയാളപ്പെടുത്തുന്നു. എന്നാൽ അതിൽ നിന്നും കുതറി മാറുന്ന ചില കഥാപാത്രങ്ങളെയും നോവലിൽ കാണുന്നു. കുഞ്ചുണ്ണൂലിയും അവളുടെ അമ്മ ഇട്ടിച്ചിരിയും ഇതിന് ഉദാഹരണമാണ്. ഭർത്താവിന്റെ മരണശേഷം ഒരു വിധവ അനുഷ്ഠിക്കേണ്ട ചടങ്ങുകളെ ലംഘിച്ചുകൊണ്ട് കാതിൽ ചിറ്റ് ധരിക്കാൻ അവർ തയ്യാറാകുന്നു. പരിവർത്തനത്തിന്റെ നേരിയ ചലനങ്ങൾ ഇവിടെ കാണാം. എന്നാൽ പ്രായോഗിക തലത്തിൽ പൂർണമായും ഒരു മാറ്റം നടപ്പിലാക്കാൻ അവർക്ക് സാധിക്കുന്നില്ല.ഇത്തരമൊരു സാമൂഹിക അന്തരീക്ഷത്തിൽ നിന്നും ഉയർന്നു വരുന്ന സ്ത്രീയായിരുന്നിട്ടും കുഞ്ചുണ്ണൂലി തൻ്റെ സ്വത്വബോധം ഉയർത്തിപ്പിടിക്കുന്ന തൻ്റേടിയായ കഥാപാത്രമായി നോവലിൽ മാറുന്നു. ജനാധിപത്യ സമൂഹത്തിലെ സ്വതന്ത്രവ്യക്തിയായി ഒരു സ്ത്രീ സ്വയം തിരിച്ചറിഞ്ഞ് തൻ്റെ പ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോഴാണ് സ്ത്രീസ്വത്വ അന്വേഷണങ്ങൾക്ക് പ്രസക്തി കൈവരുന്നത്. ഇവിടെ സ്വതന്ത്രവ്യക്തിത്വമുള്ള ഒരു കഥാപാത്രമായി കുഞ്ചുണ്ണൂലി മാറുന്നു. പരമ്പരാഗതമായ സ്ത്രീ കാഴ്ചപ്പാടുകൾക്കപ്പുറം ഒരു സ്ത്രീ അവളുടെ സ്വത്വബോധത്തെ തിരിച്ചറിഞ്ഞു കൊണ്ട് അധികാര വ്യവസ്ഥിതികളെ ചെറുത്തു തോൽപ്പിക്കാൻ മുന്നിട്ടിറങ്ങുന്നതിന് നോവൽ സാക്ഷ്യം വഹിക്കുന്നു . അധീശവർഗ്ഗ പൊതുബോധം നോവലിലെ കുഞ്ചുണ്ണൂലിയെ മാറ്റിയെടുക്കാതിരിക്കുകയും വിപ്ലവാത്മകമായ ചലനങ്ങൾക്ക് വഴിയൊരുക്കുന്നതിലേക്ക് അവളെ നയിക്കുകയും ചെയ്തതിന് പ്രധാന കാരണം അവളുടെ അച്ഛനിൽ നിന്നും പകർന്നു കിട്ടിയ പുരോഗമന ആശയങ്ങളാണ് . കേരളത്തിൻ്റെ നവോത്ഥാന മുന്നേറ്റത്തിൽ ആചാരങ്ങളെയും ലിഖിത നിയമങ്ങളെയും മറികടന്നുകൊണ്ട് മുന്നോട്ടുപോയതിൻ്റെ ചലനങ്ങൾ അടയാളപ്പെടുത്താൻ അമൃതമഥനത്തിന് സാധിച്ചിട്ടുണ്ട്.

**സഹായക ഗ്രന്ഥങ്ങൾ**

1.അജ്ജ കെ.നാരായണൻ. ( എഡി ) താക്കോൽ വാക്കുകൾ . ശ്രീകുമാർ പി.കെ, ഗാസ്പർ കെ .ജി.'പാരമ്പര്യം ', മലയാള വിഭാഗം,യു.സി. കോളേജ്, ആലുവ

2.ഉണ്ണികൃഷ്ണൻ പുതൂർ .അമൃതമഥനം ,സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം , 1987

3.മീനാക്ഷി സി.എസ്.പെൺപാട്ടു താരകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്,2024

4. രവീന്ദ്രൻ എൻ.കെ.പെണ്ണെഴുതുന്ന ജീവിതം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2010

5. രാമകൃഷ്ണൻ ഇ.വി (എഡി) സ്ത്രീ സ്വത്വം സമൂഹം: മാധവിക്കുട്ടി പഠനങ്ങൾ, പൂർണ്ണ പബ്ളിക്കേഷൻ, കോഴിക്കോട്, 1994

6.ശങ്കരൻ നമ്പൂതിരി കാണിപ്പയ്യൂർ .സംസ്കൃത മലയാള നിഘണ്ടു മൂന്നാം പതിപ്പ്, പഞ്ചാംഗം പുസ്തകശാല,കുന്ദംകുളം 1996.

**സഞ്ജന പി.എസ്**

**ഗവേഷക**

**ലിറ്റിൽ ഫ്ലവർ കോളേജ്, ഗുരുവായൂർ**

**കാലിക്കറ്റ് യൂണിവേഴ്സിറ്റി**